بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 13/05/2016

(06 SHABAAN 1437 HIJRI)

Hazrat Khalifathullah Munir Ahmad Azim (A)

## ISLAM & UNITY / ഇസ്ലാമും ഏകത്വവും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമും ഏകത്വവും എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. പരിശുദ്ധ പ്രവാചകനും, ഇസ്ലാമിന്റെ ആശയ സംക്രമണം നടത്തുന്ന ആളുമായ ഹസ്രത് മുഹമ്മദ് (സ) യും അദ്ദേഹത്തിന്റെ സമുദായത്തിൽ ദൈവത്താൽ നിയോഗിതകരാവുന്ന അദ്ദേഹത്തിന്റെ പ്രതിനിധികൾക്കും, അന്ത്യനാൾ വരെയും, മനുഷ്യ സമുദായത്തെ മൊത്തത്തിൽ ഏകദൈവ വിശ്വാസത്തിലേക്ക് വഴികാണിക്കുക എന്ന പരിപാവനമായ ഉത്തരവാദിത്വമാണ് അവർക്കുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മാനവസാഹോദര്യമാണ്. മുഹമ്മദ് (സ) ന്റെ സമുദായം, അല്ലാ, അതുമാത്രമല്ല മനുഷ്യ സമുദായം മൊത്തത്തിൽ ഭിന്നിച്ചാൽ, ആ ഭിന്നിപ്പ് എപ്പോഴും വിശ്വാസ വിടവി ലേക്കായിരിക്കും നയിക്കുക.ആകാശ ഭൂമികളുടെ സൃഷ്ടാവായ, എല്ലാ ജീവന്റെയും ഉറവിടമായ, ഏകനായ ദൈവത്തെ മാത്രം ആരാധിക്കുന്നതിനും, ഭൂമിയിലെ എല്ലാ ആത്മാക്കളും നല്ല നിലയിൽ വീണ്ടും ഒന്നായി ചേരുവാനും കഴിയാതെ വരും.

വർഗ്ഗീയ ചിന്തയുമായി ഇസ്ലാമിന് യാതൊരു ബന്ധവുമില്ല. ഉന്നതകുലജാതരെന്ന മുൻ വിധിയുമില്ല. മനപൂർവ്വം ഒരാളെയും മാറ്റി നിർത്തുന്ന രീതിയും ഇസ്ലാമിലില്ല. മാനവ സാഹോദര്യം എന്ന വികാരം മാത്ര മാണ് ഇസ്ലാമിലുള്ളത്. ഇസ്ലാം എന്ന വാക്കിന്റെ ഭാഷാപരമായ അർത്ഥം സമാധാനം എന്നാകുന്നു. ഇസ്ലാം പ്രഘോഷിക്കുന്നത് സർവ്വ ശക്തനായ അല്ലാഹുവിന്റെ ഇംഗിതത്തിന് കീഴടങ്ങുക എന്നാണ്. സർവ്വ ശക്ത നുമായി സമാധാനത്തിൽ കഴിയാൻ ശ്രമിക്കുക, ഓരോ വ്യക്തിയും സ്വയം സമാധാനത്തിൽ കഴിയാൻ പ്രയ ത്നിക്കുക, മറ്റുള്ളവരുമായി സമാധാനത്തിൽ കഴിയാൻ പരിശ്രമിക്കുക. സർവ്വോപരി മാനവ സമൂഹവു മായി സമാധാനത്തിൽ വർത്തിക്കുക.

ഇസ്ലാമിന്റെ സത്യവും പരിപാവനവുമായ പ്രാധാന്യം, ഗൂഢാലോചന നടത്തി, മനപൂർവ്വം വക്രീകരി ക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇസ്ലാമിന്റെ പേരിൽ ചെയ്യുന്ന തെറ്റുകൾക്ക് തടസ്സം ചെയ്തില്ലെങ്കിൽ, ഇസ്ലാമിന്റെ പേരിൽ വ്യാപിക്കുന്ന കിംവദന്തികൾക്ക് തടയിട്ടില്ലെങ്കിൽ, ഇസ്ലാമിന്റെ പേരിൽ വളരെ മോശമായ ഫലങ്ങളായിരിക്കും പുറത്തുവരിക. പടിഞ്ഞാറൻ പ്രത്യയ ശാസ്ത്രം ഇസ്ലാമിന്റെ പ്രതിച്ഛായയിൽ മനപൂർവ്വം കള്ളങ്ങൾ പ്രചരിപ്പിക്കുന്നു. അത് ലോകമെങ്ങും വ്യാവിപ്പിക്കുന്നു. അത് ഇസ്ലാ മിനെക്കുറിച്ചും, മുസ്ലീങ്ങളെക്കുറിച്ചും അറപ്പും വെറുപ്പും ഭയവും സൃഷ്ടിക്കുന്നു. ഇസ്ലാമിന്റെ പ്രതിച്ഛായ യിൽ ഏൽപ്പിച്ച ഈ വക്രത, ദൗർഭാഗ്യവശാൽ, തീവ്രവാദികളെന്ന പേരും നൽകി, ഇസ്ലാമിന്റെ അതിശക്ത മായ പ്രതിച്ഛായയെ താറടിച്ചു കാണിക്കുക എന്ന പടിഞ്ഞാറൻ ശക്തികളുടെ മുൻവിധി നടപ്പിലാക്കുകയാ യിരുന്നു.

ഞാൻ മറ്റെവനേക്കാൾ വലിയവനെന്ന അത്യധികമായ ചിന്ത, വംശീയ മേധാവിത്വ ചിന്ത, ഭൗതികത്വര, അതിർത്തി തർക്കങ്ങൾ, ഞാനും എന്റേതും എന്ന വിചാരം എന്നീ കാരണങ്ങളാൽ, ഇന്നത്തെ നമ്മുടെ ലോകത്ത് നിന്നും, സമാധാനം പോയി മറഞ്ഞിരിക്കുന്നു. ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത് മനുഷ്യത്വപരമായ പ്രവർത്തനങ്ങളാണ്. മനുഷ്യരെന്ന നിലയിൽ നമ്മൾ എല്ലാവരും ഒരു വർഗ്ഗവും ഒരു സംഘവുമാണ്. നമ്മൾ എല്ലാവരും മനുഷ്യ കുടുംബത്തിലെ അംഗങ്ങളാണ്, ഏതു രീതിയിലായാലും നമുക്കിടയിൽ ഒരു വേർതി രിവും പാടില്ല.സൃഷ്ടിപ്പിൽ ദൈവം തമ്പുരാൻ ഒരു വേർതിരിവും ചെയ്തിട്ടില്ല. ജനിക്കപ്പെട്ട ശിശുക്കളിലേക്ക് നാം നോക്കുകയാണെങ്കിൽ അവർക്കിടയിൽ ഒരു വേർതിരിവും നമുക്ക് കാണുവാൻ സാധിക്കുകയില്ല. ദൈവത്തിന്റെ ഇച്ഛ അപ്രകാരമാണ്. വിശുദ്ധ ഖുർആൻ പറയുന്നു. **"മനുഷ്യരെ, നിങ്ങളെ ഒരേയൊരു സത്ത**

**യിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക''** 4:2 ജനനവും ജനസംഖ്യാ ശാസ്ത്രപരമായ സ്ഫോടനവും ഉടലെടുക്കുന്നത് പ്രഥമ പുരുഷനായ ആദമിൽ നിന്നും പ്രഥമവനിതയായ ഹവ്വായിൽ നിന്നുമാണ്. ജീവ ശാസ്ത്രപരമായി മനുഷ്യർക്കിടയിൽ ഒരു വ്യത്യാസവുമില്ല. പുരുഷന്മാരും, സ്ത്രീകളും ഒരേ ലോകത്ത് നിന്ന് തന്നെ ബഹിർഗമിക്കുന്നു. വിശുദ്ധ ഖുർആൻ ഈ യാഥാർത്ഥ്യം ആവർത്തിച്ച് വ്യക്തമാക്കുന്നു. **''മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്ന് പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിന് വേണ്ടി ''** 49:14 ദൈവത്തിന്റെ കണ്ണുകളിൽ മനുഷ്യർക്കിടയിൽ ഒരു വേർതിരിവും അവൻ ചെയ്തിട്ടില്ല. അങ്ങനെയിരിക്കെ മനുഷ്യർക്ക് എങ്ങനെയാണ് വേർതിരിവ് സൃഷ്ടിക്കുവാൻ കഴിയുന്നത് ? മാനവ സമത്വത്തിനാണ്  ഇസ്ലാം നിലകൊള്ളുന്നത്. സമത്വത്തിനു വേണ്ടി ഓരോ മനുഷ്യനും പ്രവർത്തിക്കേണ്ടതാണ്. ഉയർന്നവനെന്നോ താഴ്ന്നവനെന്നോ ഉള്ള ഒരു വ്യത്യാസവും ഇസ്ലാം കൽപ്പിക്കുന്നില്ല. പ്രാർത്ഥനാ യോഗങ്ങളിൽ പണക്കാരനെന്നും പാവപ്പെട്ടവനെന്നുമുള്ള യാതൊരു വേർതിരിവും ഇസ്ലാം കൽപിക്കുന്നില്ല. പ്രാർത്ഥനയിൽ തന്റെ സഹോദരങ്ങളുമായി ചേർന്നു നിൽക്കുന്നു.ദൈവീക കൽപനാ വ്യവസ്ഥയായ സക്കാത്ത്, ധനപരമായ അസമത്വങ്ങൾ ഇല്ലായ്മചെയ്യുവാനുള്ള സാമ്പത്തിക ഐകമത്യത്തെ സൂചിപ്പിക്കുന്നു. ഇസ്ലാം പ്രബോധിക്കുന്നത് ഏക ദൈവരാധാനയെയാണ്. വിശ്വാസികൾക്കിടയിൽ തുറന്ന സംഘട്ടനത്തിന് ഇസ്ലാം ഒരിക്കലും ആഹ്വാനം ചെയ്തിട്ടില്ല. മുൻകാലങ്ങളിൽ അവതരിച്ചിട്ടുള്ള എല്ലാ ദൈവീക വെളിപാടുകളെയും ഇസ്ലാം സ്വീകരിച്ചിട്ടുണ്ട്. കാരണം അവയുടെ ഉത്ഭവം അല്ലാഹുവിൽ നിന്നാകുന്നു. വ്യാഖ്യാനങ്ങൾ വിശ്വാസികളെ ഭിന്നിച്ചിട്ടുണ്ടാകാം. എന്നാൽ വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. **''നിങ്ങൾ (മുസ്ലീങ്ങൾ) പറയുക, ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും, ഇബ്രാഹീമിനും, ഇസ്മായിലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും, മൂസായ്ക്കും ഈസായ്ക്കും നൽകപ്പെട്ടതിലും (മറ്റു) പ്രവാചകന്മാർക്ക് അവരുടെ നാഥനിൽ നിന്ന് നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. അവരിൽ ആരുടെ ഇടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് മാത്രം കീഴ്പ്പെടുന്നവരുമാകുന്നു.'' 2:37**

വംശീയമോ മതപരമോ ആയ ധ്രുവീകരണം ഇസ്ലാം ഒരിക്കലും പ്രേരിപ്പിച്ചിട്ടില്ല. മറിച്ച് മുൻകഴിഞ്ഞ എല്ലാ വെളിപാടുകളെയും പ്രവാചകന്മാരെയും അംഗീകരിക്കുവാനാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. എല്ലാ മതങ്ങളുമായി ആശയവിനിമയം നടത്തുവാനും സമാധാനം സംരക്ഷിക്കുവാനും സംശയങ്ങളും വ്യത്യാസങ്ങളും ദൂരീകരിക്കുവാനും അതാവശ്യപ്പെടുന്നു. വിശുദ്ധഖുർ ആൻ നമ്മളോട് അഭ്യർത്ഥിക്കുന്നത് നാം സാഹോദര്യത്തോടെയും സൗഹൃദത്തോടെയും കഴിയുവാനാണ്, ഈ വചനം അതിന് സാക്ഷ്യം വഹിക്കുന്നു. **''സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി'' 49:11**

നിസ്സംശയം, ഇസ്ലാം, ഒരു സമാധാന മതം തന്നെയാണ്. ഭീകരാക്രമണങ്ങളോ, തീവ്രവാദ പ്രവർത്തനങ്ങളോ, ആരോപകർ, ഇസ്ലാമിനുമേൽ സ്വാർത്ഥ ലാഭങ്ങൾക്കായി കെട്ടിവയ്ക്കുന്നതാണ്. അത്തരം പ്രവർത്തനങ്ങളും ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. ഈ തീവ്ര പ്രവർത്തകർ, മുഴുകിയിരിക്കുന്നത്, അടിസ്ഥാനപരമായി രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയാണ്. ഇസ്ലാമിനെ ഒരു പരിചയായി ഉപയോഗിക്കുകയാണ്. അതിന്റെ നന്മകളെ അവർ താറടിച്ച് കാണിക്കുകയാണ്. അവരെ മുസ്ലീങ്ങൾ എന്ന് വിളിക്കപ്പെടാവതല്ല. കാരണം അവർ ഇസ്ലാം കൽപ്പിച്ചത് നിറവേറ്റുവന്നരല്ല**'' ഇസ്ലാം, (അല്ലാഹുവിന് മാത്രം കീഴ്പ്പെടുക) എന്നതല്ലാത്ത മറ്റു വല്ല മതവും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ, അവനിൽ നിന്നും അത് സ്വീകരിക്കപ്പെടുകയില്ല.'' 3:86**

ചുരുക്കത്തിൽ ഇസ്ലാം ഒരു രീതിയിലും ഭീകരതയെ അനുകൂലിക്കുന്നില്ല. അത് ഏത് രീതിയിൽ അവതരിപ്പിച്ചാലും ശരി ! മാനവ സാഹോദര്യമാണ് അതിന്റെ അടിത്തറ. ഇസ്ലാമിന്റെ വ്യവസ്ഥാപിതമായ നടപടി ക്രമങ്ങളുടെ ശരിക്കുള്ള അറിവ് നേടാതെ, അന്ധമായ അവന്റെ പ്രവർത്തനം കൊണ്ട്, അമുസ്ലീങ്ങളുടെ മുൻപിൽ അവന് ഒരു ഫലവും ലഭിക്കാതെ വരും. ഇസ്ലാം സുവ്യക്തമായും ഭീകരതയ്ക്കെതിരാണ്. പ്രകോപനങ്ങൾക്കെതിരാണ്. സർവ്വശക്തനായ അല്ലാഹു ദൈവീക നീതിയുടെ പേരിൽ, അവർ സ്വയം നടപ്പാക്കുന്ന, അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നു. പൊതുസമാധാനത്തിന്

ആരെങ്കിലും ഭംഗമുണ്ടാക്കിയാൽ, പൊതു ക്രമസമാധാനത്തിന് ഭീഷണി ഉയർത്തിയാൽ, നിയമം തന്റെ കയ്യി ലെടുത്താൽ, പൊതുമുതൽ നശിപ്പിച്ചാൽ, പരസ്യമായി വിധ്വംസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ, അവർക്ക് ദൈവീക നീതിയെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്നു. **"(നേരെ മറിച്ച്) മനുഷ്യരെ ദ്രോഹിക്കുകയും നാട്ടിൽ അന്യായമായി അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ പേരിൽ മാത്രമേ കുറ്റാരോപണത്തിന് മാർഗ്ഗമുള ളൂ. അവർക്കാണ് വേദനാജനകമായ ശിക്ഷയുള്ളത്." 42:43.**

ആക്രമണങ്ങളെ സംബന്ധിച്ചും, മതപരിവർത്തനങ്ങളെ സംബന്ധിച്ചും, നിങ്ങൾ നിർബന്ധമായും മനസ്സിലാക്കിയിരിക്കണം, വിശ്വാസകാര്യങ്ങളിൽ ഇസ്ലാം യാതൊരു നിർബന്ധവും ചെലുത്തുന്നില്ല. വിശ്വാസ മൊക്കെ നിശ്ചയമായും ഓരോ മുസ്ലീമിന്റെയും ഉള്ളിൽ നിന്നും വരേണ്ടതാണ്. അന്യായമായ ഒരു ചിന്താധാ രണയുണ്ട്, അതായത്, ഇസ്ലാം യുദ്ധത്തിന് പ്രേരിപ്പിക്കുന്നുവെന്നും മുസ്ലീം വിശ്വാസം സംവിധാനിച്ചിരിക്കു ന്നത് ആക്രമണ നിയമങ്ങൾ കൊണ്ടാണെന്നും ! വിശുദ്ധ ഖുർ ആൻ പ്രസ്താവിക്കുന്നു. **"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ല തന്നെ" 2:191.** വിശ്വാസ സ്വാതന്ത്ര്യം ഓരോ വ്യക്തിക്കും ഇസ്ലാം അംഗീകരിച്ചുകൊടുക്കുന്ന അവകാശമാണ്. അക്കാര്യത്തിൽ ഒരു സമ്മർദ്ദവുമില്ല. സംവാ ദത്തിന്റെ നേരെ സമ്മർദ്ദമില്ല. **"നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം" 109:7**

വിശുദ്ധ ഖുർആനിൽ ഉൾക്കൊണ്ടിട്ടുള്ള അവന്റെ സത്യമായ വചനങ്ങളെ ജാഗ്രതയോടെ ചിന്തി ക്കുവാൻ അല്ലാഹു (ത) മാനവരാശിയെ പ്രാപ്തമാക്കട്ടെ! അല്ലാഹു (ത) അവൻ തെരഞ്ഞെടുത്ത അവന്റെ പ്രതിനിധികൾ വിശദീകരിച്ച നിലയിൽ, അവർ അധ്യാപകരായും വഴികാട്ടികളായും, ജനങ്ങളെ അല്ലാഹു മായി ചേർത്തുനിർത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. അല്ലാഹുമായി ജനങ്ങൾക്കുള്ള ബന്ധം ഏറ്റവും നല്ലനിലയിലാകാൻ അവർ പ്രയത്നിക്കുന്നു. അവനാണ് അവരെ സൃഷ്ടിച്ചത്, അവന്റെ കാരുണ്യം അവരുടെ മേൽ ചൊരിയുന്നു. അവർക്ക് വേണ്ട വിഭവങ്ങൾ അവൻ പ്രദാനം ചെയ്യുന്നു. അവൻ പാർപ്പി ടവും സ്നേഹവും അവർക്കായി നൽകുന്നു. അല്ലാഹുവിന്റെ തൃപ്തിക്കായി നിങ്ങൾ പരസ്പരം സ്നേഹി ക്കുക. അനുകമ്പയോടെ വർത്തിക്കുക. അല്ലാഹു (ത) നിങ്ങളെ സ്നേഹിക്കും. മറ്റുള്ളവരെ അല്ലാഹുവി ലേക്ക് വഴി കാണിക്കുന്നതിനായി നിങ്ങളൊരു വഴി കാണിക്കുന്ന വാഹനമായി മാറുക. സ്നേഹത്തോടെ ജീവിക്കുക. ഇഹലോകത്തും നാളെ പരലോകത്തും ! ഇൻശാ അല്ലാഹ്. **ഈ നൂറ്റാണ്ടിൽ, അല്ലാഹു (ത) എന്നെ നിങ്ങൾക്ക് അവന്റെ സന്ദേശമെത്തിക്കാനായി നിയോഗിച്ചിരിക്കുകയാണ്. അത്പോലെ മുന്നറിയിപ്പു നൽകുവാനുമായി. (ഇസ്ലാമിക വിരുദ്ധ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുവാൻ ഉപദേശിക്കുന്നു. അല്ലാത്തപക്ഷം ഉണ്ടാകാവുന്ന അവന്റെ ദൈവീക കോപത്തെ സംബന്ധിച്ചും ദൈവീക ശിക്ഷയെക്കുറിച്ചും ഞാൻ താക്കീത് ചെയ്യുന്നു) നിങ്ങളെ അവനിലേക്ക് മാർഗ്ഗദർശനം നൽകുന്നതിനുമായി (നിയോഗിച്ചിരിക്കുന്നു) ഞാൻ പറയു ന്നത് നിങ്ങൾ കേട്ടാൽ, എന്റെ നേതൃത്വത്തെ പിൻതുടർന്നാൽ, നിങ്ങൾക്ക് ഇരുലോകത്തും സമാധാനം ലഭിക്കു ന്നതാണ്. എന്റെ വാക്കുകൾ നിങ്ങൾ അവഗണിച്ചാൽ, ബന്ധങ്ങൾ വിച്ഛേദിച്ചാൽ, അല്ലാഹുവിന്റെ വെളിപാടുക ളെയും ദൃഷ്ടാന്തങ്ങളെയും പരിഹസിച്ചാൽ, അപ്പോൾ, അവൻ തെരഞ്ഞെടുത്ത അവന്റെ ദൂതന് അല്ലാഹു മതി യായവനാണ്! അവന്റെ ഖലീഫത്തുല്ലായ്ക്കും അവന്റെ സത്യവാന്മാരായ സേവകന്മാർക്കും!**

**അല്ലാഹു (ത) മാനവരാശിയുടെ ഹൃദയം തുറക്കട്ടെ! അവന്റെ പ്രകാശം അവർ തിരിച്ചറിയട്ടെ ! അവരെ അവൻ അതിലേക്ക് നയിക്കട്ടെ ! ആമീൻ. ഞങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. അവനിലേക്കാണ് ഞങ്ങ ളുടെ മടക്കവും!**


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*